കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം.ജി3/136/17/പൊവിവ.

തിരുവനന്തപുരം

തീയതി, 09/05/2017

**സർക്കുലർ**

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - കേരള വനം വകുപ്പ് നടപ്പിലാക്കുന്ന 'ഹരിതകേരളം' വനവൽക്കരണ പരിപാടിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ 'എന്റെ മരം പദ്ധതി' നടപ്പിലാക്കുന്നത് - 2017-18 ലെ IX -ാം ഘട്ട പരിപാടിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന: 1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 04/07/2016-ലെ 599235/ജി3/16/ പൊ.വി.വ നമ്പർ സർക്കുലർ.

2. പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്ററുടെ 24/03/2017 ലെ SA2-62937/16 നമ്പർ കത്ത്.

'ജനങ്ങളെ പ്രകൃതിയോട് ബന്ധിപ്പിക്കുന്നു' എന്നതാണ് 2017 ലെ ലോകപരിസ്ഥിതി ദിനത്തിന്റെ സന്ദേശം. വർഷം മുഴുവൻ നിറഞ്ഞ 44 പുഴകളും മരതക കാന്തി നിറഞ്ഞ വൃക്ഷ ലതാദികളും കൊണ്ട് സമ്പന്നമായ ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. ആഗോള താപനത്തിന്റെ ആകുലതകൾ നമ്മുടെ നാടിനേയും ബാധിച്ചു കഴിഞ്ഞു. വരുന്ന തലമുറയ്ക്കു കൂടി ഈ ഭൂമി അവകാശപ്പെട്ടതാണ് എന്ന് എല്ലാവരും ഓർക്കേണ്ടതാണ്. പുതിയ തലമുറയ്ക്ക് വൃക്ഷത്തൈകൾ നടുന്നതിനും അവയെ പരിപാലിക്കുന്നതിനും ലക്ഷ്യബോധം നൽകുകയും തദ്വാര ആഗോള താപനത്തെ ചെറുക്കുന്നതിനും വർത്തമാനകാലത്തിൽ അതീവ പ്രാധാന്യം ഉണ്ട്. അങ്ങനെയുള്ള പദ്ധതി കേരള വനം വകുപ്പ് 'ഹരിതകേരളം' എന്ന പേരിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ 2006-07-മുതൽ നടപ്പിലാക്കി വരുന്നു. ജീവിതത്തിന്റെ നാനാ തുറകളിലുമുള്ള ജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട്, പ്രത്യേകിച്ചും യുവജനങ്ങളേയും സ്കൂൾ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വളരെ ബൃഹത്തായ വൃക്ഷത്തൈ നടീൽ പരിപാടിയാണ് 'ഹരിതകേരളം'. 2015 മുതൽ 1 മുതൽ 4 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികളേയും പ്രസ്തുത പരിപാടിയുടെ ഭാഗമാക്കാൻ സർക്കാർ തീരുമാനിച്ചിരുന്നു. 2017-18-ൽ 'ഹരിതകേരളം' പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനു വേണ്ടി 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് വിജയകരമായി നടത്തുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, 2017-18 ലെ 'എന്റെ മരം പദ്ധതി' സംബന്ധിച്ച് ഡി.ഡി.ഇമാർക്കും, ഡി.ഇ.ഒമാർക്കും, എ.ഇ.ഒമാർക്കും ആവശ്യമായ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ്.

2. പദ്ധതിയുടെ ആവശ്യത്തിനായി ഹൈസ്കൂൾ/യുപിസ്കൂൾ/എൽപി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗം വിളിച്ചുകൂട്ടാൻ ഡി.ഇ.ഒമാർക്കും, എ.ഇ.ഒമാർക്കും വേണ്ട നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകേണ്ടതാണ്. പ്രസ്തുത യോഗത്തിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം റേഞ്ച് ഓഫീസർ/ഫോറസ്റ്റർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.

3. ഡി.ഡി.ഇ ചെയർമാനായും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) മെമ്പർ സെക്രട്ടറിയായും ജില്ലയിലെ കോ-ഓഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയിൽ ജില്ലയിലെ എല്ലാ ഡി.ഇ.ഒമാരും, എ.ഇ.ഒമാരും റേഞ്ച് ഓഫീസർമാരും(സോഷ്യൽ ഫോറസ്ട്രി) അംഗങ്ങളായിരിക്കും.

4. സ്കൂൾ തലത്തിൽ പ്രധാനാദ്ധ്യാപകൻ ചെയർമാനായും ലോക്കൽ ഫോറസ്റ്റർ(സോഷ്യൽ ഫോറസ്ട്രി) കൺവീനറായി സംഘാടക - അവലോകന കമ്മിറ്റി രൂപീകരിക്കണം. കമ്മിറ്റിയിൽ വാർഡ് മെമ്പർ, പിടി.എ പ്രതിനിധി, അധ്യാപക പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കും. പ്രസ്തുത കമ്മിറ്റി ആവശ്യമായ വൃക്ഷത്തൈകളെക്കുറിച്ചുള്ള വിവരം ജില്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 15/05/2017 ന് മുമ്പായി അറിയിക്കേണ്ടതാണ്. പരിപാടി നടത്തിപ്പിന്റെ ഉത്തരവാദിത്വവും സ്കൂൾ തലത്തിൽ പരിപാടി നടത്തിപ്പിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കേണ്ടതിന്റെ ഉത്തരവാദിത്വവും കമ്മിറ്റിക്കായിരിക്കും.

5. വൃക്ഷതൈ വിതരണം ചെയ്തതിന്റെ എണ്ണം, സ്പീഷിസ്, വിതരണം ചെയ്ത വിദ്യാർത്ഥികൾ എന്നിവ സംബന്ധിച്ച് പ്രാധാനദ്ധ്യാപകൻ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും മുഖാന്തിരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

Endt No. Aed. C1
Copy of the Circular communicated to Principal of all Higher Secondary schools for information & necessary action.

[signature] 15/5/17
JD(Academic)